പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2254 | 04.11.2019 ൽ മറുപടിയ്ക്ക്

നെടുമങ്ങാട് സപ്ലൈകോ ഡിപ്പോയിലെ അഴിമതി

ചോദ്യം

ശ്രീ.അനൂപ് ജേക്കബ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെടുമങ്ങാട് സപ്ലൈകോ ഡിപ്പോയിൽ ഇ-ടെൻഡർ വഴി കഴിഞ്ഞ ജൂൺ, ജൂലായ് മാസങ്ങളിൽ വിതരണത്തിനെത്തിയ അരിയും കഴിഞ്ഞ ഏപ്രിലിൽ വിതരണത്തിനെത്തിയ ഉഴുന്നും കരിഞ്ചന്തയിൽ ഉയർന്ന വിലയ്ക്ക് വിറ്റതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | പരാതി ലഭിച്ചിട്ടുണ്ട്. വിഷയത്തിൽ സപ്ലൈകോ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കുറ്റക്കാരനാണെന്ന് കണ്ടെത്തിയ ജീവനക്കാരനെ സസ്പെൻറ് ചെയ്യുകയും ടി കാലയളവിലെ ഡിപ്പോ മാനേജർക്കെതിരെ കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം തുടരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ